**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഉല്പാദന-സേവന മേഖലകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. സുമോദ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് വ്യാപ്തിയും മികവും തത്ഫലമായി മാനവവിഭവശേഷി വികസനവും സാധ്യമായെങ്കിലും ഉല്പാദന,സേവന മേഖലകളുടെ നവീകരണത്തിന് ഇത് വഴിവെച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാനായി വ്യക്തമായ നയവും രൂപരേഖയും തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തെ വ്യാപ്തിയും മികവും മാനവവിഭവശേഷി വികസനവും ഉല്പാദന/ സേവന മേഖലകളുടെ നവീകരണത്തിന് ഒരു പരിധി വരെ ഉതകിയിട്ടുണ്ട്. എങ്കിലും കാലാനുസാരിയായ നവീകരണസാദ്ധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താനാകേണ്ടതുണ്ട്. ഇതിനാവശ്യവുമായ നയവും രൂപരേഖയും തയ്യാറാക്കിവരുന്നു. |
| (ബി) | ഇത്തരത്തിൽ ആർജ്ജിക്കുന്ന അറിവും നൈപുണ്യശേഷിയും നാടിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് പ്രയോജനപ്രദമാകുന്ന തരത്തിലും ദിശാബോധത്തോടെയുള്ള ഇടപെടൽ സർക്കാർ നടത്തുന്നുണ്ടോ; | (ബി) | ഉണ്ട്. കേരളത്തെ ഒരു നവവൈജ്ഞാ നിക സമൂഹമാക്കി മാറ്റിയെടുക്കാനും വൈജ്ഞാനികാധിഷ്ഠിത സമ്പദ്ഘടന കെട്ടിപ്പെടുക്കുന്നതിന്റെ ഭാഗമായി അറിവും നൈപുണ്യശേഷിയും നാടിന്റേയും സമൂഹത്തിന്റേയും വളർച്ചക്ക് പ്രയോജനപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആയതിന് അസാപ്പ് പോലുള്ള ഏജൻസികളെ ഉപയോഗിക്കാനാവും. |
| (സി) | രാജ്യത്തെ പ്രഥമ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ഈ ദിശയിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ഉത്തരവാദിത്തമുള്ള ഡിജിറ്റൽ ലോകം സൃഷ്ടിക്കുക എന്നതാണ് ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യം. സമൂഹത്തിലെ വിവിധ ഉൽപാദന മേഖലകളുടെ ഉന്നമനത്തിനായുള്ള ഡിജിറ്റൽ പരിവർത്തനത്തിൽ ഒരു മുഖ്യ പങ്ക് വഹിക്കുവാൻ ഡിജിറ്റൽ സർവകലാശാല ഒരുങ്ങുകയാണ്. ഇതിനനുസൃതമായി ഡിജിറ്റൽ സർവകലാശാലയുടെ ഉദ്ദേശ്യലക്ഷ്യ ങ്ങൾ താഴെപ്പറയുന്നവയാണ് 1. മാനുഷിക വിഭവങ്ങൾ സൃഷ്ടിക്കുക, അത് സർക്കാർ, സ്വകാര്യ, സഹകരണ മേഖലകളിലെ ഉൽ പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ വിവിധ ഉല്പാദന മേഖലയിലെയും, സേവന മേഖലയി ലുമുള്ള യൂണിറ്റുകളുടെ വികസനത്തി നുമായി |

| | | | | |
|---|---|---|---|---|
| | | | | വിനിയോഗിക്കുക. 2. വിവിധ പരമ്പരാഗത വ്യവസായ ങ്ങളുടെ വളർച്ചയും ആധുനികവൽ ക്കരണവും പരിമിതപ്പെടുത്തുന്ന ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനുള്ള ഉപകരണങ്ങളും സാങ്കേതികതകളും വികസിപ്പിക്കുക. 3. ആഗോള വിപണിയിലെ അവസര ങ്ങൾ പര്യവേക്ഷണം ചെയ്യാനും കേരളത്തിലെ സേവന മേഖലയെ പിന്തുണയ്ക്കാൻ ഡിജിറ്റൽ സാങ്കേതി കവിദ്യ ഉപയോഗിക്കുകയും ചെയ്യുക. 4. കൃഷി, ചെറുകിട വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ പ്രധാന മേഖലകളിൽ നവീകരണം വളർത്തി യെടുക്കുന്നതിന് പ്രത്യേക പരിപാടി കൾ വികസിപ്പിക്കുക. 5. ഇതിനായി ഡിജിറ്റൽ സർവ്വകലാ ശാലയിൽ തുടക്കത്തിൽ തന്നെ താഴെപറയുന്ന പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. (i) ജിയോസ്പേഷ്യൽ സിസ്റ്റംസ് (ii) ഡാറ്റ അനലിറ്റിക്സ് (iii) ബ്ലോക്ക് ചെയിൻ (iv) നിർമ്മിത ബുദ്ധി ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക് ഇൻക്യൂബേറ്റർ ഉണ്ട്, കൂടാതെ രാജ്യത്തെ ആദ്യത്തെ IIOT മികവിന്റെ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ഭാരത സർക്കാരിൽ നിന്നും അനുമതിയും ലഭിച്ചു. ഇവ രണ്ടും ഉന്നതവിദ്യാഭ്യാസ രംഗത്തെ മാനവ ശേഷിയെ startup കളും, വ്യവസായവും തുടങ്ങുവാനുള്ള ചാലക ശക്തിയായി മാറ്റുവാൻ ഉതകുന്നവയാണ്. കേരള ത്തിൽ നിന്നുള്ള ഉയർന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയു ള്ള വ്യവസായ വളർച്ചയെ പിന്തുണക്കുവാൻ ഇവക്ക് സാധിയ്ക്കും. ഡിജിറ്റൽ മേഖലയിലെ ബൌദ്ധിക സ്വത്തവകാശം (IPR) നിർമ്മിക്കാൻ ലക്ഷ്യമാക്കിയുള്ള റിസർച്ച് പ്രോഗ്രാമു കൾക്ക് സർവകലാശാല തുടക്കം കുറിച്ചിട്ടുണ്ട്. ഇവയ്ക്ക് കേരളത്തിന്റെ ഉല്പാദന മേഖലയെ ആഗോളതല ത്തിൽ തന്നെ മത്സരിക്കാനുള്ള ഒരു പ്രേരക ശക്തിയായി മാറ്റുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ